LIBRARY ARCHIVES Kerala Legislative Assembly

എൻ.ജി.ഒ.-കൾ മുഖേന നടത്തുന്ന പദ്ധതികൾ

272 (980) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പദ്ധതികളാണ് എൻ.ജി.ഒ.-കൾ മുഖേന നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; വിശദവിവരം നൽകുമോ ;

(ബി) ഇതുസംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ബന്ധപ്പെട്ട ഉത്തരവുകളുടെയും പദ്ധതി നൽകിയ എൻ.ജി.ഒ.-കളുടെയും വിശദവിവരം നൽകുമോ ; വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിൽ നിന്നും എൻ.ജി.ഒ. മുഖേന പദ്ധതികളൊന്നും നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

ദേശീയ പട്ടികജാതി കമ്മീഷൻ സന്ദർശനവും ശിപാർശകളും

273 (981) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സന്ദർശനം നടത്തിയ ദേശീയ പട്ടികജാതി കമ്മീഷന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും ശിപാർശകൾ കമ്മീഷൻ സർക്കാരിന് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ശിപാർശകളാണ് കമ്മീഷൻ സർക്കാരിന് നൽകിയത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ശിപാർശകൾ നടപ്പാക്കാൻ എന്തെങ്കിലും നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾ അനുഭവിക്കുന്ന ഏതെങ്കിലും പ്രശ്നത്തെ സംബന്ധിച്ച് കമ്മീഷൻ കേന്ദ്ര ഗവൺമെന്റിന് ശിപാർശ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾ അനുഭവിക്കുന്ന ഏതെല്ലാം പ്രശ്നങ്ങളെ സംബന്ധിച്ച് സംസ്ഥാന സർക്കാർ കമ്മീഷനോട് വിശദീകരണം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ജനസംഖ്യാനുപാതത്തിൽ പട്ടികജാതി വിഭാഗത്തിന്റെ സംവരണത്തോത് 8%-ൽ നിന്നും 9%-മാക്കി വർദ്ധിപ്പിക്കുക, സർക്കാരിൽനിന്നും ഗ്രാന്റ് ലഭിക്കുന്ന എയിഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിയമനത്തിൽ സംവരണം നടപ്പാക്കുക, സംവരണത്തെ സംബന്ധിച്ച് നയപരമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രൊമോഷനുകളിൽ സംവരണം നടപ്പിലാക്കുക, സ്വകാര്യമേഖലയിലും സംവരണം ഏർപ്പെടുത്തുക, സംസ്ഥാനത്ത് കടിയേറി പാർക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് 'സാക്ഷ്യപത്രം' നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക, പോസ്റ്റ് 'മെട്രിക്, പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക തുടങ്ങിയ ശിപാർശകളാണ് പൊതുവിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്.

(സി) പരിശോധിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കമ്മീഷൻ പ്രത്യേക വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല.

മുഖാരി-മുഹരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്

274 (982) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുഖാരി-മുഹരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി വർഷങ്ങളായി ആവശ്യപ്പെട്ടിട്ടും പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഇവരെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly